# വാരാന്ത്യദിനങ്ങളിലെ പരിശോധന കർശനമാക്കി



വാരാന്ത്യദിനങ്ങളിലേർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്ക് നേരിട്ട് നിരത്തിലറങ്ങി. രാവിലെ ആലുവ പട്ടണത്തിലാണ് എസ്.പിയുടെ നേതൃത്വത്തിൽ പരിശോധന ആരംഭിച്ചത്. ബൈപ്പാസിലൂടെ നിയന്ത്രണങ്ങൾ ലംഘിച്ചെത്തിയ വാഹനങ്ങൾക്കെതിരെ നടപടിയെടുത്തു. കൃത്യമായ രേഖകൾ കാണിച്ചവരെ കടത്തിവിട്ടു. വ്യാപാര സ്ഥാപനങ്ങളിലും, മാർക്കറ്റിലും പരിശോധനടത്തി. നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിച്ചു. പെരുമ്പാവൂർ, മുവാറ്റുപുഴ മേഖലയിലും പരിശോധന ഉണ്ടായിരുന്നു. നിയന്ത്രണങ്ങൾ ലംഘിച്ചതിന് 110 കേസുകൾ എടുത്തു. 30 പേരെ അറസ്റ്റ് ചെയ്തു. മാസ്ക്ക് ധരിക്കാത്തതിന് 3200 പേർക്കെതിരെയും, സാമൂഹ്യ അകലം പാലിക്കാത്തതിന് 3350 പേർക്കെതിരെയും നടപടി സ്വീകരിച്ചു. വരും ദിവസങ്ങളിലും പരിശോധന തുടരുമെന്ന് എസ്.പി. കാർത്തിക്ക് പറഞ്ഞു.